# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

സ്റ്റാൻഡേർഡ് – 1

# സ്രഷ്ടാവായ ദൈവം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**SRASHTAVAYA DAIVAM**
**(Malayalam)**

*Text Prepared by*
FR. JOSE PUTHIYEDATH

*Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2009
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ മതബോധനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ടതല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? മതബോധനത്തിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അദ്ധ്യാപകസഹായിയാണ് നിങ്ങളുടെ കൈയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അദ്ധ്യാപകൻ /അദ്ധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അദ്ധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

- പാഠപുസ്തകത്തിന്റെ അനുബന്ധമാണ്
- അദ്ധ്യാപകന്റെ വഴികാട്ടിയാണ്
- പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അദ്ധ്യാപകസഹായി പലവിധത്തിൽ അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് ഉപകരിക്കുന്നു:

- ➢ പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
- ➢ പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
- ➢ പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
- ➢ കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ➢ ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ➢ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
- ➢ പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
- ➢ അധിക വിവരങ്ങൾ ശേഖരിക്കാൻ
- ➢ സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- ➢ പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

**അദ്ധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്**

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

മതബോധനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. മതബോധനം എന്തെന്ന് അറിയണം.**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് മതബോധനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസ

ത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപരിശീലനം. "മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാവണം മതബോധനത്തിന്റെ പ്രചോദനഹേതു. പരിശുദ്ധ ത്രിത്വത്തിലുള്ള സഭയുടെ അടിസ്ഥാന വിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് കുട്ടികളെ ആനയിക്കുക, കൂദാശകളെക്കുറിച്ച് അറിവു നൽകുക എന്നിവയ്ക്കാണ് പ്രാഥമിക ക്ലാസ്സുകളിലെ മതബോധനത്തിൽ ഊന്നൽ നൽകുന്നത്. എന്താണ് പഠിപ്പിക്കേണ്ടത് എന്ന ചോദ്യത്തിന്റെ ആന്തരാർത്ഥം ഈ വിധത്തിൽ നാം ഗ്രഹിക്കണം.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടികളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട്? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

- ♦ കഥ പറയാൻ
- ♦ പാട്ടുപാടാൻ

- ചോദ്യം ചോദിക്കാൻ
- ഉത്തരം പറയാൻ
- വിശേഷങ്ങൾ പങ്കുവയ്ക്കാൻ
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
- ഭാവനാപരമായി ചിന്തിച്ചുപറയാൻ
- സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
- പരാതികൾ പറയാൻ
- നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- നിയമങ്ങൾ അനുസരിക്കാൻ
- നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- തെറ്റുകൾ തിരുത്താൻ
- സന്തോഷം പ്രകടിപ്പിക്കാൻ
- വികാരങ്ങൾ പ്രകടിപ്പിക്കാൻ
- സംഘമായി പ്രവർത്തിക്കാൻ
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അദ്ധ്യാപകൻ / അദ്ധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അദ്ധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അദ്ധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ.
- ☐ സൂക്ഷ്മനിരീക്ഷണം.
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്.
- ☐ അത്തരം പുസ്തകങ്ങളുടെ വായന.

## 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അദ്ധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ മതാദ്ധ്യാപകർ തയ്യാറാകണം. ഇക്കാര്യത്തിൽ അദ്ധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അദ്ധ്യാപക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അദ്ധ്യാപനരീതികളിലുള്ള അറിവും പരിചയവും അദ്ധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

മതബോധനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം:-

- കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്.
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്.
- കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്.
- ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്.
- വിഷയവുമായി ബന്ധമുള്ളത്.
- സമയബന്ധിതമായി ചെയ്യാവുന്നത്.
- കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്.
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്.
- അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അദ്ധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്ത

നങ്ങൾ അദ്ധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷതകൾ ഓർമ്മയിൽ സൂക്ഷിക്കണം.

**അദ്ധ്യാപകൻ / അദ്ധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. ഒന്നും രണ്ടും ക്ലാസ്സുകളിൽ വരയ്ക്കാനും നിറം കൊടുക്കാനുമുള്ള നിരവധി അവസരങ്ങളുണ്ട്. അതിനാൽ എല്ലാ കുട്ടികൾക്കും പലനിറത്തിലുള്ള സ്കെച്ച് പേനയോ, കളർപെൻസിലോ, ക്രെയോൺസോ ഉണ്ടായിരിക്കണം. പാഠപുസ്തകത്തോടൊപ്പം ഇതും കുട്ടികൾ ക്ലാസ്സിൽ കൊണ്ടുവരേണ്ടതാണ്.
3. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.
4. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

മതബോധനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

**കുട്ടികൾ സ്വായത്തമാക്കേണ്ടവ**

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കിയേ മതിയാവൂ.

- ബോധ്യങ്ങൾ
- മനോഭാവങ്ങൾ
- ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

**2. അദ്ധ്യാപകൻ / അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ**

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ഒന്നാം / രണ്ടാം / മ ൂന്നാം / നാലാം ക്ലാസ്സിൽ ചിത്രങ്ങൾ, ചാർട്ടുകൾ എളുപ്പത്തിൽ ശേഖരിക്കാവുന്ന വസ്തുക്കൾ എന്നിവയൊക്കെ അദ്ധ്യാപകൻ / അദ്ധ്യാപിക മുൻകൂട്ടി ഒരുക്കി ക്ലാസ്സിൽ കൊണ്ടുപോകണം. അദ്ധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവയൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മനസ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധനോപാധികൾ തന്നെയാണ്.

**3. പാഠാവതരണം**

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാനിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവതരണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതരണമാകാം. അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരിപ്പിക്കാവുന്നതാണ്.

**4. പാഠബന്ധിത പ്രവർത്തനങ്ങൾ**

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള

നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനുമുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അദ്ധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളിടത്ത് കുട്ടികളെ സഹായിക്കാൻ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള സൂചനകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാക്കാൻ പറ്റാത്തവ അദ്ധ്യാപകസഹായി നോക്കി, അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങുംവിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അദ്ധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അദ്ധ്യാപകന്റെ /അദ്ധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠ്യവസ്തുക്കളും (Content) പ്രവർത്തനങ്ങളും രണ്ടു ദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമീകരിക്കുന്നതാണ് നല്ലത്.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

3. ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മാതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം. ഒന്നാംക്ലാസ്സിലെ എല്ലാ പാഠത്തിലും ഓരോ പ്രാർത്ഥന (നമുക്ക് പ്രാർത്ഥിക്കാം) ചേർത്തിട്ടുണ്ട്. അവ ക്ലാസ്സിൽ വച്ച് ആവർത്തിച്ച് ചൊല്ലിക്കൊടുക്കണം. കൈകൾ കൂപ്പാനും ഭക്തിയോടെ പ്രാർത്ഥിക്കാനും പഠിപ്പിക്കണം.

4. ഓരോ പാഠത്തിലും ഒന്നോ രണ്ടോ പാട്ട് (നമുക്കു പാടാം) കൊടുത്തിട്ടുണ്ട്. അവ ഈണത്തിൽ പാടാൻ കുട്ടികൾക്ക് അവസരം നൽകണം. ഒറ്റയ്ക്കും സംഘമായും പല ഗ്രൂപ്പുകളായി തിരിഞ്ഞും കുട്ടികൾ ആവർത്തിച്ച് പാടട്ടെ. അനുയോജ്യമായ മറ്റുപാട്ടുകളും നൽകാം. പ്രാർത്ഥനയും പാട്ടും പാഠഭാഗവുമായി ബന്ധമുള്ളതാണെന്ന് ശ്രദ്ധിക്കുമല്ലോ.

5. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചു തന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കൈയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചു കേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

6. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

7. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദ്ദേശം ഒന്നാം ദിവസം നൽകണം. രണ്ടാംദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അദ്ധ്യാപകൻ / അദ്ധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി ഉൽപത്തി 1:26-31 ഭാഗം വായിച്ചു കേൾപ്പിക്കണം. അതിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച് അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

8. മിക്ക പാഠങ്ങളിലും കഥപറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങളിൽ കഥപറയാൻ ശ്രമിക്കണം. ഇടയ്ക്ക് കഥ പറയാൻ കുട്ടികൾക്കും അവസരം നൽകണം. താൽപര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിനു താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- ☐ വിശദാംശങ്ങൾ വിട്ടുകളയാതെ പറയണം.
- ☐ വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
- ☐ കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷാശൈലിയും ഉപയോഗിക്കണം.
- ☐ കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
- ☐ കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴിഞ്ഞാൽ നന്ന്.

- ☐ എന്തെങ്കിലുമൊരു കഥ പറഞ്ഞ് അവസാനിപ്പിക്കാതെ വിശ്വാസപരിശീലനത്തിന് ഉപകരിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ കണ്ടെത്തി അവതരിപ്പിക്കുക.

9. കളികൾ സംഘടിപ്പിക്കാനുള്ള നിരവധി സന്ദർഭങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും പാഴാക്കരുത്. കൂടുതൽ കളികൾ കണ്ടെത്തി കുട്ടികൾക്കു നൽകുകയും വേണം. മതബോധനക്ലാസ്സിൽ കളികൾ നൽകുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

- ◆ ക്ലാസ്സിന്റെ അന്തരീക്ഷത്തിനുചേർന്ന കളികൾ തെരഞ്ഞെടുക്കണം.
- ◆ നിർദ്ദേശങ്ങൾ കൃത്യമായും വ്യക്തമായും നൽകണം.
- ◆ നിയമങ്ങൾ പാലിക്കാൻ നിഷ്കർഷിക്കണം.
- ◆ വിജയപരാജയങ്ങൾക്കപ്പുറം കളിക്കുക എന്ന പ്രക്രിയയിൽ ഊന്നൽ നൽകണം.
- ◆ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.
- ◆ കളിയിൽകൂടി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.
- ◆ കുട്ടികളുടെ മനോഭാവങ്ങളെയും ശീലങ്ങളെയും വിലയിരുത്താനും തിരുത്താനുമുള്ള അവസരങ്ങളായും കളികളെ ഉപയോഗപ്പെടുത്തണം.

## ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി

1. ഈ അദ്ധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. അദ്ധ്യാപകസഹായിയിലെ പാഠവിശകലനം വായിക്കുന്നത് അദ്ധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അദ്ധ്യാപകനും അദ്ധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽമതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

## പാഠം 1
# ലോകം എത്ര സുന്ദരം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ഈ ലോകം എത്ര മനോഹരം.
- വൈവിധ്യമാർന്ന സൃഷ്ടിജാലം.

### 2. മനോഭാവങ്ങൾ

മനോഹരമായ ഈ പ്രപഞ്ചം നൽകിയ ദൈവത്തോടുള്ള നന്ദിയുടെ മനോഭാവം.

### 3. ശീലങ്ങൾ

പൂക്കളെയും ജീവജാലങ്ങളെയും കാണുമ്പോൾ ദൈവത്തിന് നന്ദി പറയും.

## II. അദ്ധ്യാപകൻ / അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ

- വിവിധ നിറത്തിലും വലിപ്പത്തിലുമുള്ള പൂക്കളുടെ ചിത്രങ്ങൾ.
- കുട്ടികൾക്ക് പരിചിതമായ പക്ഷികളുടെയും മൃഗങ്ങളുടെയും ചിത്രങ്ങൾ.
- പ്രാർത്ഥിക്കുന്ന ഒരു കുട്ടിയുടെ ചിത്രം.

## III. പാഠാവതരണം

താനുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെ മാനോഹാരിതയും വൈവിധ്യവും അത്ഭുതത്തോടും ആകാംക്ഷയോടുംകൂടി കുട്ടി നോക്കിക്കാണുന്നു. നിറങ്ങളുടെ വ്യത്യസ്തതയും മരങ്ങളുടെ വലിപ്പച്ചെറുപ്പവും ജീവജാലങ്ങളുടെ വൈവിധ്യവും കുട്ടിയിൽ അത്ഭുതം ജനിപ്പിക്കു

ന്നു. പൂക്കളും ചെടികളും മൃഗങ്ങളുമെല്ലാം ഇടകലർന്ന ഈ ലോകത്തിന്റെ മനോഹാരിത കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കണം. ചിത്രങ്ങൾ കാണിച്ചും, ആവശ്യമായ വിശദീകരണങ്ങൾ നൽകിയും, പ്രപഞ്ചത്തിലേയ്ക്ക് കുട്ടിയുടെ ശ്രദ്ധ തിരിക്കണം. സൂര്യനില്ലെങ്കിൽ നമുക്കെന്ത് സംഭവിക്കും? പഴവർഗ്ഗങ്ങളില്ലെങ്കിലോ?.. ഇത്യാദി ചോദ്യങ്ങൾ ചർച്ചയ്ക്ക് വിഷയമാക്കാവുന്നതാണ്. ഇതിലൂടെ, ഈ പ്രപഞ്ചവും അതിലുള്ളതും നമുക്ക് ആവശ്യമാണെന്നും ദൈവമാണ് ഇതെല്ലാം നൽകിയതെന്നും കുട്ടി ഗ്രഹിക്കുന്നു. ഈ പാഠത്തിലൂടെ കുട്ടി സ്വായത്തമാക്കേണ്ട ബോധ്യങ്ങൾ, മനോഭാവങ്ങൾ, ശീലങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടായിരിക്കണം പാഠാവതരണം നടത്തേണ്ടത്.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

## 1. കൈകൾ കൂപ്പാം

മനോഹരമായ ഈ പ്രപഞ്ചം നൽകിയ ദൈവത്തിന് നന്ദി അർപ്പിക്കുക ഉചിതമാകുന്നു എന്ന് കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. പ്രാർത്ഥിക്കുന്ന കുട്ടിയുടെ ചിത്രം കാണിക്കാം. കണ്ണടച്ച് കൈകൾ കൂപ്പി നെഞ്ചോടുചേർത്ത് ഇരിക്കുവാനുള്ള നിർദ്ദേശം നൽകിയതിനുശേഷം ചെറിയ പദങ്ങളാക്കി കുട്ടികൾക്ക് ചൊല്ലിക്കൊടുക്കുക. പ്രാർത്ഥന ആവർത്തിക്കുന്നത് നന്നായിരിക്കും.

## 2. നിറം കൊടുക്കാം

കുട്ടയിലെ പഴങ്ങൾക്ക് അനുയോജ്യമായ നിറങ്ങൾ നൽകണം. കുട്ടയ്ക്കും നിറം നൽകാവുന്നതാണ്.

## 3. മനഃപാഠമാക്കാം

ക്ലാസ്സിൽ വച്ചുതന്നെ ദൈവവചനം ഹൃദിസ്ഥമാക്കാൻ ശ്രദ്ധിക്കണം. ചെറിയ വാക്കുകൾ വീതം ആവർത്തിച്ചു ചൊല്ലിക്കൊടുക്കുകയും ഹൃദിസ്ഥമാക്കിയ വചനം പ്രകടിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുകയും വേണം. ഓരോ പാഠത്തിനും അനുബന്ധമായി മനഃപാഠമാക്കുവാൻ കൊടുത്തിട്ടുള്ള തിരുവചനങ്ങളോടുള്ള സമീപനരീതി ഇപ്രകാരമായിരിക്കണം. "ബൈബിളിലെ സങ്കീർത്തനങ്ങൾ" കുട്ടികളെ കാണിക്കുന്നത് നന്നായിരിക്കും.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### അഭിനയിക്കാം

കുട്ടികളെ വൃത്താകൃതിയിൽ നിർത്തുന്നു. ഓരോരുത്തർക്കും ഇഷ്ടപ്പെട്ട പൂക്കളുടെ പേരും നിറവും പറയിപ്പിക്കാം. പല നിറത്തിലും വലിപ്പത്തിലുമുള്ള പൂക്കൾ നിറഞ്ഞ പൂന്തോട്ടമായി കുട്ടികളുടെ കൂട്ടത്തെ വിശേഷിപ്പിച്ചതിനുശേഷം ചെറിയ നിർദ്ദേശങ്ങൾ നൽകാം. അവയ്ക്കനുസൃതമായി കുട്ടികൾ അഭിനയിക്കട്ടെ. ഉദാ: ഇളംകാറ്റ് വീശുന്നു. ചെടികൾ മെല്ലെ ആടുന്നു, എല്ലായിടത്തും നല്ല സുഗന്ധം. പൂക്കൾ മെല്ലെ വിടരുന്നു. etc...

### പാട്ടു പാടാം

പൂക്കൾ വിടർന്നല്ലോ
മുല്ലപ്പൂക്കൾ വിടർന്നല്ലോ
പൂക്കൾ വിടർന്നല്ലോ
റോസാപ്പൂക്കൾ വിടർന്നല്ലോ
(പിച്ചി, തെച്ചി, ലില്ലി..).

### കഥ പറയാം

പക്ഷികളും മൃഗങ്ങളും സമ്മേളനം കൂടി – ആർക്കാണ് സൗന്ദര്യം? ഓരോരുത്തരും തങ്ങളുടെ ഗുണങ്ങൾ വർണ്ണിച്ചു. പറന്നു, നടന്നു, പാടി, ആടി, ഓടി. എല്ലാവർക്കും അവരുടേതായ സൗന്ദര്യമുണ്ട്. എത്ര മനോഹരം – സന്തോഷത്തോടെ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് അവർ ജീവിച്ചു.

### അനുകരിക്കാം

മൃഗങ്ങളുടെ ശബ്ദം അനുകരിക്കാം.

ഉദാ: ആട് – ബ്വേ...

പട്ടി : ബൗ ബൗ

### ചിത്രം വരയ്ക്കാം

കുട്ടികൾക്കിഷ്ടപ്പെട്ട ചിത്രങ്ങൾ വരയ്ക്കാൻ അവസരം നല്കാവുന്നതാണ്.

### പാഠം 2

# എല്ലാം ദൈവം സൃഷ്ടിച്ചു

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

**1. ബോധ്യങ്ങൾ**

എല്ലാം ദൈവം സൃഷ്ടിച്ചു.

ഇല്ലായ്മയിൽ നിന്നാണ് ദൈവം എല്ലാം സൃഷ്ടിച്ചത്.

**2. മനോഭാവങ്ങൾ**

സർവ്വശക്തനായ ദൈവത്തിൽ ഞാൻ ആശ്രയിക്കും.

**3. ശീലങ്ങൾ**

ഓരോ സൃഷ്ടിയേയും ദർശിക്കുമ്പോൾ സ്രഷ്ടാവായ ദൈവമേ, ഞാനങ്ങയെ സ്തുതിക്കുന്നു എന്ന് മനസ്സിൽ ഉരുവിടും.

## II. ബോധനോപാധികൾ

- വിവിധ സൃഷ്ടവസ്തുക്കളുടെ പടം വരച്ചചാർട്ട്, കടലാസ് വഞ്ചി, മുത്തുമാല.
- സമ്പൂർണ്ണ ബൈബിൾ.

## III. പാഠാവതരണം

മനോഹരമായ പ്രപഞ്ചത്തെ നോക്കിക്കണ്ട കുട്ടി, ദൈവമാണ് എല്ലാം സൃഷ്ടിച്ചത് എന്ന അനുഭവതലത്തിലെത്തിച്ചേരുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം. ദൈവം ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ചു എന്ന ബോധ്യത്തിലേയ്ക്ക് കുട്ടിയെ നയിക്കാൻ, കടലാസില്ലാത്ത കട ലാസുവഞ്ചി നമുക്കുണ്ടാക്കാനാവില്ലെന്നും മുത്തില്ലാതെ മുത്തുമാ ലയ്ക്ക് രൂപം കൊടുക്കാനാവില്ല എന്നും ഉദാഹരണത്തിലൂടെ വ്യക്ത മാക്കിക്കൊടുക്കണം. ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്ന് സൃഷ്ടിക്കാൻ

ദൈവത്തിന് മാത്രമേ കഴിയൂ. ഉൽപത്തി 1-ാം അദ്ധ്യായം 1 മുതൽ 25 വരെയുള്ള വാക്യങ്ങൾ നിർത്തി നിർത്തി കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നത് നന്നായിരിക്കും.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. നിറം കൊടുക്കാം

പൂവ്, മരം, സൂര്യൻ ഇവയ്ക്ക് അനുയോജ്യമായ നിറം കൊടുക്കാൻ കുട്ടികളെ സഹായിക്കണം.

### 2. ഏറ്റു ചൊല്ലാം

ചെറിയ ചെറിയ പദങ്ങളാക്കി ചൊല്ലിക്കൊടുക്കാം. കുട്ടികളിൽ ചിലരെക്കൊണ്ടും ഏറ്റുചൊല്ലിക്കുന്നത് നന്നായിരിക്കും.

### 3. കൈകൾ കൂപ്പാം

കുട്ടികളുടെ സഹകരണത്തോടെ അവർക്കു പരിചിതമായ ജീവജാലങ്ങളുടെ പേരുകൾ പറയിപ്പിച്ചശേഷം ഈ ജീവജാലങ്ങളോടു ചേർന്ന് ദൈവത്തെ സ്തുതിക്കുവാൻ കുട്ടികളെ ക്ഷണിക്കാം. പ്രാർത്ഥന ചെറിയ വാചകങ്ങളാക്കി ചൊല്ലിക്കൊടുക്കുക.

### 4. കുത്തുകൾ യോജിപ്പിക്കാം

കുത്തുകൾ ശ്രദ്ധയോടെ യോജിപ്പിക്കുവാൻ കുട്ടികളെ സഹായിക്കേണ്ടതാണ്.

### 5. മനഃപാഠമാക്കാം

ബൈബിളിലെ ഉൽപത്തിപ്പുസ്തകം കുട്ടികളെ കാണിച്ചതിനു ശേഷം ദൈവവചനം ഹൃദിസ്ഥമാക്കുന്നത് അഭികാമ്യമാണ്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. ചാർട്ടു നിർമ്മാണം

കുട്ടികൾ കൊണ്ടുവരുന്ന ചിത്രങ്ങൾ ഉപയോഗിച്ച് ദൈവം സൃഷ്ടിച്ചവയുടെ ചിത്രച്ചാർട്ടു നിർമ്മിക്കാം.

### 2. മാതൃക നിർമ്മിക്കൽ

ദൈവം ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ചു എന്ന ബോധ്യത്തിലേക്ക് കുട്ടികളെ നയിക്കാൻ കടലാസ്കൊണ്ട് വഞ്ചി, വിശറി, മൃഗങ്ങൾ എന്നിവ ഉണ്ടാക്കാവുന്നതാണ്.

### 3. അഭിനയിക്കാം

ദൈവത്തിന്റെ സൃഷ്ടികർമ്മം അഭിനയിക്കുന്നത് നന്നായിരിക്കും.

### 4. കഥ പറയാം

സൃഷ്ടികർമ്മം കഥാരൂപത്തിൽ പറഞ്ഞുകൊടുക്കുകയും കഥ ആവർത്തിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുകയും ചെയ്യാം.

### 5. ചോദ്യങ്ങൾ

1. എല്ലാം സൃഷ്ടിച്ചത് ആരാണ്?
2. ആദിയിൽ ദൈവം എന്തെല്ലാം സൃഷ്ടിച്ചു?
3. ആകാശത്തിൽ കാണുന്ന സൃഷ്ടവസ്തുക്കൾ ഏവ?
4. ദൈവം എങ്ങനെയാണ് എല്ലാം സൃഷ്ടിച്ചത്?

### പാഠം 3

# മനുഷ്യനെ സൃഷ്ടിച്ചു

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ദൈവമാണ് എന്നെ സൃഷ്ടിച്ചത്.
- ദൈവം ജീവന്റെ നാഥൻ.
- ദൈവം എന്നെ സ്നേഹിക്കുന്നു.

### 2. മനോഭാവങ്ങൾ

എന്നെ സൃഷ്ടിച്ച ദൈവത്തോടുള്ള സ്നേഹവും നന്ദിയും.

### 3. ശീലങ്ങൾ

മറ്റുള്ളവരെ കാണുമ്പോൾ ഞാൻ ദൈവത്തെ ഓർക്കും.

## II. ബോധനോപാധികൾ

- ഒരു കുടുംബഫോട്ടോ.
- ഒരു വീടിന്റെ മാതൃക.
- ദൈവം = സ്നേഹം എന്ന് വലുതാക്കി എഴുതിയത്.

## III. പാഠാവതരണം

തന്നെ സ്നേഹിക്കുന്ന ദൈവം തനിക്കും ജീവൻ നൽകി എന്ന ബോധ്യം കുട്ടികളിൽ രൂഢമൂലമാകണം. മനുഷ്യന്റെയോ മൃഗത്തിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ രൂപം മെനയാൻ ഒരു കലാകാരന് കഴിയും. എന്നാൽ അതിന് ജീവൻ കൊടുക്കാൻ അയാൾക്കു കഴിയില്ല. ജീവൻ നൽകാൻ കഴിയുന്നത് ദൈവത്തിന് മാത്രമാണ്. ദൈവമാണ് ജീവന്റെ നാഥൻ. ദൈവം നമ്മെ ഒരോരുത്തരെയും സ്നേഹിക്കുന്നതുകൊണ്ടാണ് തന്റെ സ്വന്തം ഛായയിൽ നമ്മെ സൃഷ്ടിച്ചത്. സ്വന്തം കുടുംബത്തിലെ എല്ലാവരേയും സൃഷ്ടിച്ചത് ദൈവമാണെന്ന് കുട്ടികൾ ഗ്രഹിക്കുന്നു. ബോധനോപാധികൾ ഈ അറിവിനായി ഉപയോഗിക്കാവുന്നതാണ്.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**1. എന്റെ വീട്ടിൽ ആരെല്ലാമാണ്?**

വല്യപ്പൻ, വല്ല്യമ്മ, അമ്മായി.....

**2. നിറം കൊടുത്ത് ആവർത്തിച്ചെഴുതുക.**

'ദൈവം എന്നെ സ്നേഹിക്കുന്നു' എന്ന് എഴുതിയതിന്റെ മീതെ കൂടിത്തന്നെ കുട്ടികൾ എഴുതുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ഓരോ വരി എഴുതുമ്പോഴും വ്യത്യസ്ത നിറങ്ങൾ ഉപയോഗിക്കുന്നത് വാചകം വളരെ വേഗത്തിൽ കുട്ടിയുടെ മനസ്സിൽ പതിയാൻ ഇടയാക്കും.

**3. ആവർത്തിച്ചെഴുതാം**

ദൈവം ജീവന്റെ നാഥൻ എന്ന് ആവർത്തിച്ചെഴുതാം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

**1. പാട്ടുപാടാം**

അപ്പൻ, അമ്മ, ചേട്ടൻ, ചേച്ചി,
കുഞ്ഞനുജൻ, അനുജത്തി
എല്ലാവരേയും തന്ന ദൈവം
പിതാവാണല്ലോ
ജീവൻ തന്നു, നല്ല ദൈവം
സ്നേഹം തന്നു നല്ല ദൈവം
തന്റെ ഛായ നൽകി ദൈവമെന്നെ
സൃഷ്ടിച്ചുവല്ലോ.

**2. ഫോട്ടോ പതിക്കാം**

കുട്ടിയുടെ വീട്ടിലുള്ളവരുടെ ഫോട്ടോ (കുടുംബഫോട്ടോയിൽ നിന്ന്) ബുക്കിൽ ഒട്ടിക്കുന്നതാണ്.

**3. അഭിനയിക്കാം**

ദൈവം മനുഷ്യന് ജീവൻ നൽകുന്ന രംഗം ഭാവാത്മകമായി അവതരിപ്പിക്കാം.

**4. ചോദ്യങ്ങൾ**

1. ആദ്യത്തെ പുരുഷന്റെ പേരെന്ത്?
2. ആദ്യത്തെ സ്ത്രീ ആരാണ്?
3. ദൈവം എങ്ങനെയാണ് മനുഷ്യനെ സൃഷ്ടിച്ചത്?
4. ജീവന്റെ നാഥൻ ആരാണ്?

## പാഠം 4

# എല്ലാം ദൈവം നമുക്കുവേണ്ടി സൃഷ്ടിച്ചു

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ദൈവം എല്ലാം എനിക്കുവേണ്ടി സൃഷ്ടിച്ചു.
- അപ്പനും അമ്മയും മറന്നാലും ദൈവം എന്നെ മറക്കുകയില്ല.
- ഞാൻ ദൈവത്തെ സ്നേഹിക്കണം.

### 2. മനോഭാവങ്ങൾ

പൊതുനന്മയേക്കാളധികമായി എന്നെ സ്നേഹിക്കുന്ന ദൈവത്തോട് സ്നേഹവും നന്ദിയും ഉണ്ടാകണം.

### 3. ശീലങ്ങൾ

ദൈവം എനിക്കു നൽകിയ നന്മകൾ അനുഭവിക്കുമ്പോൾ ഓരോ പ്രാവശ്യവും 'ഇത് എനിക്കു നൽകിയ ദൈവമേ നന്ദി' എന്നു ഞാൻ പറയും.

## II. ബോധനോപാധികൾ

- കാണാനും കേൾക്കാനും തൊടാനും ഭക്ഷിക്കാനും സാധിക്കുന്ന സാധനങ്ങൾ / സമാനമായവ (tape recorder etc).
- മാതാപിതാക്കൾ കുട്ടികൾക്ക് നൽകുന്നവയും ദൈവം നൽകുന്നവയും വേർതിരിച്ചുകാണിക്കുന്ന ചാർട്ട്.
- ദൈവത്തിന്റെ സ്നേഹം പ്രകടമാക്കുന്ന കഥകൾ
- അമ്മയുടെ കൈയ്യിൽ ഇരിക്കുന്ന കുട്ടിയുടെ ചിത്രം.

## III. പാഠാവതരണം

അനുദിന ജീവിതത്തിൽ മാതാപിതാക്കൾ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്ന ചർച്ചയിലൂടെ വിഷയാവതരണത്തിലേക്ക് കടക്കാവുന്നതാണ്. കുട്ടിയുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നവരാണിവർ. പ്രഭാതം മുതൽ പ്രദോഷം വരെ കുട്ടി മറ്റാരെയെങ്കിലും ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ എല്ലാം നൽകി സ്നേഹിക്കുന്ന അപ്പനെക്കാളും, അമ്മയെക്കാളും അധികമായി ദൈവം തന്നെ സ്നേഹിക്കുന്നു. തനിക്കുവേണ്ടതെല്ലാം ദൈവം തരുന്നു. ദൈവം എല്ലാം എനിക്കുവേണ്ടി സൃഷ്ടിച്ചതിനാൽ ഞാൻ ദൈവത്തെ സ്നേഹിക്കണം. ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം. ഇത്തരത്തിലുള്ള മനോഭാവം ഈ പാഠത്തിലൂടെ കുട്ടികൾക്ക് കിട്ടേണ്ടിയിരിക്കുന്നു.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. ഞാനും എന്റെ കൂട്ടുകാരനും

തന്റെ അടുത്തിരിക്കുന്ന കുട്ടിയോടോ, തന്റെ സുഹൃത്തിനോടോ സൃഷ്ടവസ്തുക്കളുടെ പേരുകൾ പങ്കുവയ്ക്കുവാൻ ആവശ്യപ്പെടാം. കുട്ടികളെ സ്വതന്ത്രമായി വിടുക. ആവശ്യത്തിന് സമയവും കൊടുക്കണം. കൂടുതൽ പേരോട് പങ്കുവയ്ക്കുവാൻ അവസരം നൽകാവുന്നതാണ്.

### 2. ഓർത്തുനോക്കി എഴുതാം

ഏതാനും മാതൃകകൾ ചുവടെ ചേർക്കുന്നു. ഇതിൽ നിന്നും വ്യത്യസ്തമായവ കുട്ടികൾ എഴുതിയാൽ അവരെ പ്രോത്സാഹിപ്പിക്കുവാൻ മറക്കരുത്.

സൂര്യൻ, പൂക്കൾ, പഴങ്ങൾ, മൃഗങ്ങൾ, ചന്ദ്രൻ, നക്ഷത്രങ്ങൾ, കടൽ, ആകാശം, വെള്ളം....

### 3. മനഃപാഠമാക്കാം

അമ്മയുടെ കൈയ്യിലിരിക്കുന്ന കുട്ടിയുടെ ചിത്രം കാണിക്കാവുന്നതാണ്. അതോടൊപ്പം വി. ഗ്രന്ഥത്തിലെ ഏശയ്യാപ്രവാചകന്റെ പുസ്തകവും കാണിച്ചാൽ നന്ന്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. പേരെഴുതാം

പേജ് 13 ലെ ചിത്രത്തിന്റെ മാതൃകയിൽ വിവിധ സൃഷ്ട ജീവജാലങ്ങളുടെ ചിത്രം ഒട്ടിച്ച് നടുവിൽ അവരുടെ പേര് എഴുതാവുന്നതാണ്.

### 2. കഥ പറയാം

മീനുവിന്റെ അമ്മ സ്നേഹമുള്ളവളായിരുന്നു - എല്ലാം നൽകി - എല്ലായിടത്തും കൊണ്ടുപോയി - പാട്ടുപാടി - കഥകൾ പറഞ്ഞു - താലോലിച്ചു - മീനു എല്ലാവരോടും തന്റെ അമ്മയെപ്പറ്റി പറയും - അമ്മയെ കാണാതിരിക്കാൻ അവൾക്കാവില്ല - അമ്മയ്ക്കും - അങ്ങനെ അവർ സുഖമായി ജീവിച്ചു. ഇത്ര സ്നേഹമുള്ള അമ്മ മറന്നാലും ദൈവം നമ്മെ മറക്കുകയില്ല എന്ന് കുട്ടിക്ക് ഇതിലൂടെ വ്യക്തമാക്കി കൊടുക്കാം.

### 3. ചോദ്യങ്ങൾ

1. അപ്പനെക്കാളും അമ്മയെക്കാളും നമ്മെ സ്നേഹിക്കുന്നത് ആരാണ്?
2. ദൈവം എനിക്കുവേണ്ടി സൃഷ്ടിച്ച 5 സൃഷ്ടവസ്തുക്കളുടെ പേര് പറയുക?

## പാഠം 5
# ദൈവം നമ്മുടെ പിതാവാകുന്നു

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ദൈവം എന്റെ പിതാവാകുന്നു.
- ദൈവം എന്നെ പരിപാലിക്കുന്നു.

### 2. മനോഭാവങ്ങൾ

എന്നെ കാത്തുപരിപാലിക്കുന്ന ദൈവത്തിൽ ഞാൻ എപ്പോഴും ആശ്രയിക്കും.

### 3. ശീലങ്ങൾ

എന്റെ കാവൽമാലാഖയെ, എപ്പോഴുമെന്നെ കാത്തുകൊള്ളണമെ എന്നു ഞാൻ പ്രാർത്ഥിക്കും.

## II. ബോധനോപാധികൾ

- കാവൽമാലാഖയുടെ ചിത്രം.
- ദൈവപരിപാലന പ്രകടമാകുന്ന മറ്റു ചിത്രങ്ങൾ.

## III. പാഠാവതരണം

പിതാവ് എന്ന സങ്കല്പം കുട്ടിക്ക് പരിചിതമാണ്. പിതാവ് ജോലി ചെയ്യുന്നതും തന്റെ കുടുംബത്തെ സംരക്ഷിക്കുന്നതുമെല്ലാം പ്രാരംഭ ചർച്ചയിൽ ഉൾപ്പെടുത്താവുന്നതാണ്. പേജ് 17 ലെ ചിത്രങ്ങളിലൂടെ കടന്നുപോയി 'സംരക്ഷണം' എന്ന ആശയത്തിന്റെ വിശാലതലങ്ങൾ, കുട്ടിക്ക് വ്യക്തമാക്കി കൊടുക്കാം. അതിലൂടെ തന്റെ സൃഷ്ടികൾക്കെല്ലാം ആഹാരവും സംരക്ഷണവും നൽകി ദൈവം കാത്തുപരിപാലിക്കുന്നു എന്ന ബോധ്യം കുട്ടിക്ക് ലഭ്യമാകും. ദൈവത്തിന്റെ കരങ്ങളിലാണ് താൻ എന്ന അനുഭവം കിട്ടണം. ഏത് ആപത്തിലും സഹായിക്കുവാനും സംരക്ഷിക്കുവാനും ദൈവം കാവൽമാലാഖയെ തന്നിരിക്കുന്നു.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. വീട്ടിലെത്തിക്കാമോ?

ആദ്യം തന്നിരിക്കുന്ന ചിത്രങ്ങൾ കുട്ടിയെ പരിചയപ്പെടുത്തുക. ഓരോരുത്തർക്കും സംരക്ഷണം ലഭിക്കുന്ന രീതിയും മനസ്സിലാക്കി കൊടുക്കണം.

### 2. ഓടിയെത്താമോ?

കുട്ടി ഈ പ്രവർത്തനം തനിയെ ചെയ്യാൻ ശ്രമിക്കട്ടെ. വഴി തെറ്റുമ്പോൾ തിരിച്ചുവരുവാൻ സഹായിക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. സന്ദർഭം പറയാം

കാവൽമാലാഖയുടെ സംരക്ഷണം ലഭിക്കുന്ന അവസരങ്ങൾ കുട്ടികളെക്കൊണ്ട് പറയിപ്പിക്കാം.

യാത്രയിൽ, രോഗാവസ്ഥയിൽ, അപകടങ്ങളിൽ, പഠിക്കുമ്പോൾ, കളിക്കുമ്പോൾ...

### 2. ഗാനമാലപിക്കാം

കഴുകൻ തൻ കുഞ്ഞിനെ കാക്കുംപോലെ.
കോഴിതൻ കുഞ്ഞിനെ നോക്കുംപോലെ.
ആ ചിറകടിയിൽ ആ മാറിടത്തിൽ.
അവനെന്നെയും സൂക്ഷിക്കുന്നു.

### 3. പ്രാർത്ഥിക്കാം

കാവൽ മാലാഖയോട് ഓരോ ചെറിയ പ്രാർത്ഥന ചൊല്ലാൻ കുട്ടികളെ ശീലിപ്പിക്കാം. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജീവിതസാഹചര്യങ്ങൾ അവർക്ക് വ്യക്തമാക്കിക്കൊടുത്താൽ മതി.

കാവൽ മാലാഖയേ, ഈ യാത്രയിൽ എന്നെ കാത്തുകൊള്ളണമേ.

### 4. ചോദ്യങ്ങൾ

1. നമുക്കു ചുറ്റും കാണുന്ന മൃഗങ്ങളെയും സസ്യങ്ങളെയും പരിപാലിക്കുന്നത് ആരാണ്?
2. എല്ലാവരുടെയും പിതാവ് ആരാണ്?
3. നമ്മെ കാത്തുസൂക്ഷിക്കാനായി ദൈവം ആരെയാണ് തന്നിരിക്കുന്നത്?

# പാഠം 6
# ദൈവത്തിനു സ്തുതി

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- സ്രഷ്ടാവായ ദൈവം സ്തുതിക്ക് അർഹനാണ്.
- ദൈവത്തെ നാം എപ്പോഴും സ്തുതിക്കണം.
- പ്രാർത്ഥനകളിലൂടെയും ഗീതങ്ങളിലൂടെയും ദൈവത്തെ സ്തുതിക്കുന്നു.

### 2. മനോഭാവങ്ങൾ

ഞാൻ നിരന്തരം ദൈവത്തെ സ്തുതിക്കണം.

### 3. ശീലങ്ങൾ

ഏത് പ്രവൃത്തി ചെയ്യുമ്പോഴും ഞാൻ ദൈവമേ സ്തുതി' എന്ന് ഉരുവിടും.

## II. ബോധനോപാധികൾ

- പ്രഭാതം, സന്ധ്യ എന്നിവയെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ
- ദൈവമേ സ്തുതി,
  നന്മകൾ നൽകുന്ന ദൈവമേ സ്തുതി, പഠിക്കാൻ ബുദ്ധിതരുന്ന ദൈവമേ സ്തുതി, etc... എന്നെഴുതിയ കടലാസുകൾ.
- പലതരം സംഗീതോപകരണങ്ങളുടെ ചിത്രങ്ങൾ.

## III. പാഠാവതരണം

തന്നെ സൃഷ്ടിച്ചുപരിപാലിക്കുന്ന ദൈവത്തെ സ്തുതിക്കുക എന്നത് തന്റെ കടമയാണെന്ന ബോധ്യം കുട്ടിയിൽ സംജാതമാകുന്നു. മനുഷ്യർ ദൈവത്തെ സ്തുതിക്കുന്ന അവസരങ്ങൾ കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കുകയും ഉണർന്നെഴുന്നേൽക്കുന്ന നിമിഷം

മുതൽ ഉറങ്ങാൻ പോകുന്ന സമയം വരെ ദൈവം നൽകുന്ന നന്മ കൾക്ക് സ്തുതി അർപ്പിക്കുവാൻ നാം കടപ്പെട്ടവരാണെന്നും കുട്ടിയെ ബോധ്യപ്പെടുത്തുകയും വേണം. പ്രാർത്ഥനകളിലൂടെയും ഗീതങ്ങളി ലൂടെയും നമുക്ക് ദൈവത്തെ സ്തുതിക്കാം. സ്വർഗത്തിൽ മാലാഖ മാരും വിശുദ്ധരും അനവരതം സ്തുതിഗീതങ്ങൾ ആലപിച്ചുകൊണ്ടി രിക്കുന്നു.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. ദൈവത്തെ സ്തുതിക്കാം

മാലാഖമാർ ദൈവസന്നിധിയിൽ നിരന്തരം സ്തുതികൾ ആലപി ച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം കുട്ടിയുടെ ശ്രദ്ധയിൽപ്പെടു ത്തണം. തുടർന്ന് ഓരോ ചെറിയ ഗ്രൂപ്പായി ഹല്ലേലുയ്യ ആലപി ക്കാവുന്നതാണ്. വിവിധ സംഗീതോപകരണങ്ങളുടെ ചിത്രം കാണി ച്ചുകൊണ്ട് ഗാനം വിപുലമാക്കാവുന്നതാണ്. (അനുബന്ധിത പ്രവർത്തനങ്ങൾ കാണുക)

### 2. മാല കോർക്കാം

ഓരോ മുത്തിനും അവരവർക്കിഷ്ടപ്പെട്ട നിറം നൽകട്ടെ. “ദൈവമേ സ്തുതി’ എന്ന് ഉരുവിടുവാൻ കുട്ടിയെ പ്രചോദിപ്പി ക്കേണ്ടതാണ്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. ഹല്ലേലുയ്യ പാടാം:

തപ്പുകൾ കൊട്ടി പാടീടുന്നേൻ
ഹല്ലേലുയ്യ.... ഹല്ലേലുയ്യ
വീണകൾ മീട്ടി പാടീടുന്നേൻ
ഹല്ലേലുയ്യ...ഹല്ലേലുയ്യ
തംബുരു മീട്ടി പാടീടുന്നേൻ
ഹല്ലേലുയ്യ...ഹല്ലേലുയ്യാ..

### 2. പ്രാർത്ഥിക്കാം

കുട്ടികളെ നിശ്ശബ്ദരാക്കി കണ്ണടച്ച് കൈകൂപ്പി ഇരുത്തുക. തുടർന്ന് ഒരു ദിവസത്തെ പ്രവർത്തനങ്ങൾ ഏറ്റു പറഞ്ഞ് സ്തുതിക്കുവാൻ

കുട്ടികളെ പരിശീലിപ്പിക്കുക.

- രാത്രിയിൽ നല്ല ഉറക്കം നൽകി ഞങ്ങളെ അനുഗ്രഹിക്കുന്ന ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
- പഠിക്കുവാൻ ബുദ്ധി നൽകിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

'ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു' എന്നതു മാത്രം കുട്ടികൾ ഉരുവിടട്ടെ.

### 3. ചിത്രം വരയ്ക്കാം

വിവിധ സംഗീതോപകരണങ്ങളുടെ ചിത്രം വരച്ചോ ഒട്ടിച്ചോ ഇവ ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കാം എന്ന് നിർദ്ദേശിക്കുക.

### 4. ചോദ്യങ്ങൾ

1. നമ്മെ പരിപാലിക്കുന്നതാര്?
2. എപ്പോഴൊക്കെയാണ് നാം ദൈവത്തെ സ്തുതിക്കേണ്ടത്?

## പാഠം 7

# ദൈവം നമ്മോടുകൂടെ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- മനുഷ്യനായി ജനിച്ച ദൈവപുത്രനാണ് ഈശോ.
- ദൈവം നമ്മോടുകൂടെയായി.
- ഈശോ ജനിച്ചത് ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിലാണ്.

### 2. മനോഭാവങ്ങൾ

നമുക്കുവേണ്ടി മനുഷ്യനായി അവതരിച്ച ഈശോയെ നാം സ്നേഹിക്കണം.

### 3. ശീലങ്ങൾ

ഉണ്ണീശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു എന്ന സുകൃതജപം ഇടയ്ക്കിടെ ഉരുവിടും.

## II. ബോധനോപാധികൾ

- തിരുക്കുടുംബത്തിന്റെ ഫോട്ടോ.
- പുൽക്കൂടിന്റെ ചിത്രം.

## III. പാഠാവതരണം

സ്രഷ്ടാവായ ദൈവം, പരിപാലകനായ ദൈവം, നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മോടുകൂടെയായി. ദൈവം മനുഷ്യനായി, ദൈവപുത്രനാണ് ഈശോ. ഈശോയുടെ പിറവിയും അതോടുബന്ധപ്പെട്ട കാര്യങ്ങളും കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കണം. ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിലാണവിടുന്നു ജനിച്ചത്. ഈശോയുടെ പിറന്നാളാണ് ക്രിസ്തുമസ്. ചിത്രങ്ങളുടെ സഹായത്തോടെ ഈശോയുടെ അമ്മയെയും വളർത്തുപിതാവിനെയും കുട്ടിക്ക് പരിചിതമാക്കണം. ക്രിസ്തുമസ് കാലത്തിലേയ്ക്ക് കുട്ടിയെ കൂട്ടിക്കൊണ്ടുപോയി ഈ കാലഘട്ടത്തിലെ പ്രത്യേകതകൾ കുട്ടികളുമായി പങ്കുവയ്ക്കാവുന്നതാണ്. ക്രിസ്തുമസ്ട്രീ, നക്ഷത്രം, കേക്ക്, സാന്താക്ലോസ്.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

1. **നിറം കൊടുക്കാം**

   കുട്ടികൾക്ക് ഇഷ്ടമുള്ള നിറം തെരഞ്ഞെടുക്കട്ടെ. എന്നാൽ നിറം കൊടുക്കുന്ന വാചകം കുട്ടിയുടെ ബോധ്യത്തിൽ പതിപ്പിച്ചതിനു ശേഷം മാത്രമേ പ്രവർത്തനത്തിലേക്കു കടക്കാവൂ.

2. **ക്രിസ്തുമസ്ട്രീ:**

   വൈവിധ്യമാർന്ന വർണ്ണങ്ങൾ ഉപയോഗിക്കുവാൻ കുട്ടിയെ സഹായിക്കണം.

3. **മനഃപാഠമാക്കാം**

   വി. യോഹന്നാൻ എഴുതിയ സുവിശേഷം ബൈബിളിൽ കാണിച്ചുകൊടുക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. **പുൽക്കൂടും ഉണ്ണിയീശോയും**

   പുൽക്കൂട് വരച്ച് അതിൽ ഉണ്ണിയീശോയെ ഒട്ടിക്കാം.

2. **നിർമ്മിക്കാം**

   ക്രിസ്തുമസ് കാർഡ് നിർമ്മിക്കുവാൻ നിർദ്ദേശം നൽകാം. അതോടൊപ്പം വീട്ടിൽ വരുന്ന ക്രിസ്തുമസ് കാർഡുകൾ ശേഖരിച്ച് പള്ളിയിൽ കൊണ്ടുവന്ന് കൂട്ടുകാരെ കാണിക്കുകയുമാവാം.

3. **അഭിനയിക്കാം**

   ഈശോയുടെ ജനനവും അനുബന്ധസംഭവങ്ങളും അഭിനയിക്കുന്നത് നന്നായിരിക്കും.

4. **ശേഖരിക്കാം**

   ഉണ്ണീശോയെ സംബന്ധിക്കുന്ന ഗാനങ്ങൾ ശേഖരിക്കാവുന്നതാണ്.

5. **ചോദ്യങ്ങൾ**

   1. ഈശോ എവിടെയാണ് ജനിച്ചത്?
   2. ഈശോയുടെ പിറന്നാൾ എന്ന്?
   3. ഈശോയുടെ അമ്മയുടെ പേരെന്ത്?
   4. ഈശോയുടെ വളർത്തുപിതാവിന്റെ പേര്?

## പാഠം 8

# മറിയം ഈശോയുടെ അമ്മ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ദൈവപുത്രനായ ഈശോയുടെ അമ്മയാണ് മറിയം.
- ഈശോയുടെ അമ്മ നമ്മുടെയും അമ്മയാണ്.
- നമ്മുടെ ആവശ്യങ്ങളിൽ മാതാവ് നമ്മെ സഹായിക്കുന്നു.

### 2. മനോഭാവങ്ങൾ

ഈശോയുടെ അമ്മയെ നമ്മുടെ അമ്മയായി കാണുകയും മാധ്യസ്ഥം തേടുകയും ചെയ്യണം.

### 3. ശീലങ്ങൾ

'എന്റെ അമ്മേ എന്റെ ആശ്രയമേ' എന്ന സുകൃതജപം ഞാൻ ഭക്തിയോടെ ചൊല്ലും.

## II. ബോധനോപാധികൾ

- മാതാവിന്റെ ചിത്രം.
- ജപമാല.

## III. പാഠാവതരണം

ഈശോയുടെ അമ്മയായ മറിയത്തെ കുട്ടി കണ്ടുമുട്ടുന്നു. ഈശോയുടെ അമ്മ നമ്മുടെയും അമ്മയാണ്. മറിയത്തെ നാം മാതാവെന്നാണ് വിളിക്കുക. മംഗലവാർത്ത കുട്ടിക്ക് വിശദീകരിച്ചു പറഞ്ഞുകൊടുക്കാം. അതേത്തുടർന്നായിരിക്കണം 'നന്മനിറഞ്ഞ മറിയമേ' എന്ന ജപം പഠിപ്പിക്കേണ്ടത്. ഈ പ്രാർത്ഥനയുടെ പ്രാധാന്യവും ശക്തിയും കുട്ടി മനസ്സിലാക്കണം. ജപമാല പരിചയപെടുത്താവുന്നതാണ്. പരി. അമ്മയുടെ മാധ്യസ്ഥം വഴി ലഭിച്ചിട്ടുള്ള അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുന്നത് ഉചിതമായിരിക്കും.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. നമുക്ക് പ്രാർത്ഥിക്കാം

നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന കുട്ടി ഹൃദിസ്ഥമാക്കാനുള്ളതാണ്. പരി. അമ്മയോടുള്ള ഈ പ്രാർത്ഥനയുടെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം.

### 2. നിറം കൊടുക്കാമോ?

വ്യത്യസ്ത നിറങ്ങൾ നൽകാം. ഈ പൂക്കൾ മാതാവിനുള്ള സമ്മാനമാണെന്ന് കുട്ടികളെ അനുസ്മരിപ്പിക്കാം.

### 3. ജപമാല

ജപമാലയിലെ മുത്തിന് നിറംകൊടുക്കുമ്പോൾ 'എന്റെ അമ്മേ, എന്റെ ആശ്രയമേ' എന്ന സുകൃതജപം കുട്ടികൾ ഉരുവിടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 4. മനഃപാഠമാക്കാം

വി. ലൂക്കാ എഴുതിയ സുവിശേഷം ബൈബിളിൽ കാണിച്ചുകൊടുക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. സ്വന്തമായി ഒരു ജപമാല

സ്വന്തമായി ഒരു ജപമാല ഉണ്ടായിരിക്കുവാൻ ആവശ്യപ്പെടാം. കൊന്ത ചൊല്ലുന്ന രീതി പഠിപ്പിച്ചു കൊടുക്കാവുന്നതാണ്.

### 2. ചിത്രങ്ങൾ കാണാം

പരി. അമ്മയുടെ വ്യത്യസ്ത ചിത്രങ്ങൾ കുട്ടികൾക്ക് പരിചിതമാക്കാം.

### 3. കഥ പറയാം

ജസീന്ത, ലൂസി, ഫ്രാൻസീസ്.... തുടങ്ങി മാതാവുമായി ബന്ധപ്പെട്ടവരുടെ കഥകൾ കുട്ടികൾക്കു പറഞ്ഞുകൊടുക്കാം.

### 4. ചോദ്യങ്ങൾ

1. മറിയത്തിന്റെ അടുക്കൽ വന്നത് ഏതു മാലാഖയാണ്?
2. ഈശോയുടെ അമ്മയായ മറിയത്തെ നാം എന്തു വിളിക്കുന്നു?
3. നമ്മുടെ സ്വർഗ്ഗീയ അമ്മ ആരാണ്?

## പാഠം 9

# മാതാപിതാക്കളെ അനുസരിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ബാലനായ ഈശോ മാതാപിതാക്കളെ അനുസരിച്ചു.
- ഞാൻ മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കുന്നതാണ് ഈശോയ്ക്കിഷ്ടം.

### 2. മനോഭാവങ്ങൾ

എപ്പോഴും മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കാനുള്ള സന്നദ്ധത.

### 3. ശീലങ്ങൾ

ഞാൻ മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കും.

## II. ബോധനോപാധികൾ

1. ചെറിയ ജോലികൾ ചെയ്യുന്ന കുട്ടികളുടെ ചിത്രം.
2. 'ഞാൻ അനുസരിക്കും' എന്ന് വലിയ അക്ഷരത്തിൽ എഴുതിയത്.

## III. പാഠാവതരണം

കുട്ടിയുടെ കുടുംബത്തെപ്പറ്റിയുള്ള ചർച്ചയിലൂടെ വിഷയത്തിലേക്ക് കടക്കാം. ധൂർത്തപുത്രന്റെ ഉപമയിലൂടെ അനുസരണക്കേടിന്റെ വശം കുട്ടികൾക്ക് പറഞ്ഞുകൊടുക്കാം. അതുപോലെ ആദിമാതാപിതാക്കളുടെ അനുസരണക്കേടും. എന്നാൽ ഈശോ തിരുക്കുടുംബത്തിൽ തന്റെ മാതാപിതാക്കളെ അനുസരിച്ചു ജോലികളിൽ അവരെ സഹായിച്ചു. ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടവനായി വളർന്നുവന്നു. നമ്മളും മാതാപിതാക്കളെയും മുതിർന്നവരെയും അനുസരി

ക്കുന്നതാണ് ഈശോയ്ക്കിഷ്ടം. “ഞാൻ അനുസരിക്കും’ എന്നെഴുതിയത് കാണിച്ചതിനുശേഷം, ആരെയെല്ലാം അനുസരിക്കും എന്ന് ഓരോ കുട്ടിയേയും കൊണ്ട് പറയിപ്പിക്കാവുന്നതാണ്. വീട്ടിലുള്ളവരെയും മറ്റുള്ളവരെയും സഹായിക്കാൻ പറ്റിയ സാഹചര്യങ്ങൾ കുട്ടികളുമായി ചർച്ച ചെയ്ത് ബോർഡിലോ ചാർട്ടിലോ എഴുതാവുന്നതാണ്.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. സമ്മാനം നേടാം:

അനുസരിക്കുന്നവർക്കാണ് സമ്മാനം ലഭിക്കുക. ഇതിനകത്തുള്ള സമ്മാനം കരസ്ഥമാക്കാൻ നേരായ വഴിയിലൂടെ പോകണമെന്നും വഴിതെറ്റിയാൽ തിരികെ വന്ന് വീണ്ടും പരിശ്രമിക്കണമെന്നുള്ള നിർദ്ദേശം കുട്ടികൾക്ക് കൊടുക്കാവുന്നതാണ്.

### 2. മാതാപിതാക്കളെ സഹായിക്കൽ

വെള്ളം എടുത്തു കൊടുക്കാം, തുണി മടക്കി വയ്ക്കാം. ഭക്ഷണാവശിഷ്ടങ്ങൾ പെറുക്കിക്കളയാം. കിടക്ക ശരിയാക്കി വയ്ക്കാം etc... ഇതിൽ നിന്നും വ്യത്യസ്തമായ കാര്യങ്ങൾ കുട്ടികൾ പറയുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### 3. മാതാപിതാക്കളുടെ പേരുകൾ

വീട്ടിൽവച്ച് എഴുതാനുള്ളതാണിത്. അടുത്ത ക്ലാസ്സിൽ ഇത് എഴുതിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

### 4. മുഖം വരയ്ക്കാം

ടീച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ ഓരോന്നും വായിച്ചു കേൾപ്പിക്കുകയും ആവശ്യമെങ്കിൽ കൂടുതൽ നിർദ്ദേശങ്ങൾ നൽകുകയും വേണം. മുഖം വരയ്ക്കാൻ കുട്ടികളെ സഹായിക്കാം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. അഭിനയിക്കാം

‘മുഖം വരയ്ക്കാം’ പ്രവർത്തനം കൂടുതൽ നൽകി അതിനനുസൃതമായി അവരുടെ മുഖത്ത് വ്യത്യാസം വരുത്താം. (ചിരിയും കരച്ചിലും). ഞാൻ അദ്ധ്യാപകരെ അനുസരിച്ചില്ല’ എന്ന് വായിക്കുമ്പോൾ കുട്ടി കരയുന്ന മുഖം അഭിനയിക്കുന്നു.

**2. കഥ കേൾക്കാം:**

ബൈബിളിൽ നിന്നും ധൂർത്തപുത്രന്റെ കഥ വായിച്ചുകേൾപ്പിക്കാം.

**3. കഥ പറയാം**

അരുൺ - അനുസരിക്കില്ല - പിന്നീട് ചെയ്യാമെന്ന് പറയും - പുഴ ഇഷ്ടമാണ് - ഒറ്റയ്ക്ക് പോകരുതെന്ന് അമ്മ - ആരും കാണാതെ അരുൺ പോകും - ഒരു ദിവസം - പുഴ കവിഞ്ഞൊഴുകി - അമ്മ വീണ്ടും ഓർമ്മിപ്പിച്ചു - അനുസരിച്ചില്ല - ഒഴുക്കിൽപ്പെട്ടു - മീൻപിടുത്തക്കാർ രക്ഷിച്ചു - വയർ നിറയെ വെള്ളം കുടിച്ചു - ആശുപത്രിയിലായി - അനുസരണക്കേടിന്റെ ഫലം ആപത്താണെന്ന് അരുണിന് ബോധ്യമായി.

## 4. ചോദ്യങ്ങൾ

1. ഈശോ ആർക്കൊക്കെ ഇഷ്ടമുള്ളവനായിട്ടാണ് വളർന്നുവന്നത്?
2. എവിടെയാണ് ബാലനായ ഈശോ താമസിച്ചിരുന്നത്?
3. അനുസരണത്തിന്റെ മാതൃക ആരാണ്?

## പാഠം 10

# ദൈവാലയത്തിൽ പോകുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

ബാലനായ ഈശോ മാതാപിതാക്കളോടൊത്ത് ദൈവാലയത്തിൽ പോയിരുന്നു. ദൈവം വസിക്കുന്ന ഭവനമാണ് ദൈവാലയം.

### 2. മനോഭാവങ്ങൾ

ഈശോയെപ്പോലെ ഞാനും ദൈവാലയത്തിൽ പോയി ദൈവത്തെ ആരാധിക്കും.

### 3. ശീലങ്ങൾ

ദൈവാലയത്തിലായിരിക്കുമ്പോൾ ഞാൻ കളിക്കുകയോ മറ്റുള്ളവരുമായി സംസാരിക്കുകയോ ചെയ്യുകയില്ല.

## II. ബോധനോപാധികൾ

1. ദൈവാലയവുമായി ബന്ധപ്പെട്ട വ്യക്തികളും മറ്റു കാര്യങ്ങളും എഴുതിയ ചാർട്ട്.
2. ഈശോ ജറുസലേമിൽ തിരുനാളിനുപോയ കഥയുടെ രൂപരേഖ.

## III. പാഠാവതരണം

ദൈവാലയത്തിൽ കുട്ടികൾ മാതാപിതാക്കളോടുകൂടി പോകാറുണ്ട്. പെരുന്നാളുകളായിരിക്കും കുട്ടിയുടെ മനസ്സിൽ തങ്ങി നിൽക്കുന്നത്. ദൈവാലയത്തിലെ അനുദിനബലിയും ബൈബിൾ വായനയും വ്യാഖ്യാനവും മറ്റു ഭക്തകൃത്യങ്ങളും കുട്ടികളുമായി ചർച്ചചെയ്യപ്പെടണം. ദൈവം അവിടെ വസിക്കുന്നതുകൊണ്ടാണ് നാം ആരാധനയ്ക്കായി ദൈവാലയത്തിൽ പോവുന്നത് എന്ന ബോധ്യം കുട്ടിയിൽ സംജാതമാകണം. കെടാവിളക്കിന്റെ പ്രാധാന്യവും ദിവ്യസക്രാരിയുമെല്ലാം കുട്ടിയുടെ മനോമുകുരത്തിൽ പച്ചപിടിച്ചു നിൽക്കണം. കുട്ടികളുമായി ദൈവാലയത്തിൽ അൽപസമയം ചെലവഴിക്കുന്നത് നന്നാ

യിരിക്കും. ദൈവം വസിക്കുന്ന ആലയം പരിശുദ്ധമാണെന്നും അവിടെ പെരുമാറേണ്ടത് എപ്രകാരമാണെന്നും കുട്ടികൾക്ക് പറഞ്ഞുകൊടുക്കാം. ഈശോ ദൈവാലയത്തിൽ നിന്നും കച്ചവടക്കാരെ പുറത്താക്കിയ സംഭവം വിശദീകരിച്ചു കൊടുക്കാവുന്നതാണ്.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**1. നിറം കൊടുക്കാം**

ദൈവാലയത്തിന്റെ രേഖാചിത്രം ശ്രദ്ധയോടെ നിറം നൽകി മനോഹരമാക്കാൻ കുട്ടിയെ സഹായിക്കണം.

**2. എടുത്തെഴുതാം**

കുട്ടികളെക്കൊണ്ട് പറയിപ്പിച്ചതിനുശേഷം വേണം എടുത്തെഴുതുവാൻ.

1. സ്തുതിക്കും. 2. കേൾക്കും. 3. പ്രാർത്ഥിക്കും.

**3. വഴികാണിക്കാമോ?**

ഇഷ്ടപ്പെട്ട നിറവുമായി പള്ളിയിലേയ്ക്കുള്ള വഴി കണ്ടെത്തട്ടെ.

**4.** ഇടവകപ്പള്ളിയുടെ പേര് എഴുതുന്നതിനൊപ്പം മനഃപാഠമാക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

**1. പേരെഴുതാം**

കുട്ടികൾ സന്ദർശിച്ചിട്ടുള്ള പള്ളികളുടെ പേര് എഴുതിക്കാം.

**2. കണ്ടെത്താം പറയാം**

നിങ്ങളുടെ പള്ളിയിൽ എവിടെയെല്ലാം ഈശോയുടെ രൂപം വച്ചിട്ടുണ്ടെന്ന് കണ്ടെത്താമോ എന്ന് ചോദിച്ച് അത് കണ്ടെത്താൻ കുട്ടികളെ സഹായിക്കാവുന്നതാണ്.

**3. ചിത്രം വരയ്ക്കാം**

ഒരു പള്ളിയുടെ ചിത്രം കുട്ടികൾ വരയ്ക്കട്ടെ. ചിത്രത്തിന്റെ ഭംഗിയോ കൃത്യതയോ അല്ല പ്രധാനം എന്ന കാര്യം മറക്കരുത്.

**4. ചോദ്യങ്ങൾ**

1. ദൈവം വസിക്കുന്ന ഭവനമേത്?
2. ഈശോ എന്തിനാണ് ദൈവാലയത്തിൽ പോയിരുന്നത്?
3. ബാലനായ ഈശോ ആരുടെ കൂടെയാണ് ദൈവാലയത്തിൽ പോയിരുന്നത്?

## പാഠം 11

# ഈശോ ദൈവപുത്രൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ഈശോ ദൈവത്തിന്റെ പുത്രനാണ്.
- ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്.
- മാമ്മോദീസായിലൂടെ നാം ദൈവമക്കളായിത്തീരുന്നു.

### 2. മനോഭാവങ്ങൾ

ഞാൻ ദൈവത്തിന്റെ പുത്രി / പുത്രൻ ആണെന്നുള്ള അഭിമാന ബോധത്തിൽ വളരുക.

### 3. ശീലങ്ങൾ

ദിവസവും ഉറങ്ങാൻ പോകുന്നതിനു മുൻപ് ഞാൻ ത്രിത്വസ്തുതി ചൊല്ലി ദൈവത്തിന് നന്ദി പറയും.

## II. ബോധനോപാധികൾ

- കുരിശിന്റെ മാതൃക.
- പരി. ത്രിത്വത്തിന്റെ ചിത്രം.
- ഒരു കുഞ്ഞിനെ മാമ്മോദീസാ മുക്കുന്ന ചിത്രം.

## III. പാഠാവതരണം

പരി. ത്രിത്വത്തെ കുട്ടി ആദ്യമായി അറിയുകയാണിവിടെ. ഈശോ ദൈവത്തിന്റെ പുത്രനാണെന്ന ബോധ്യം കുട്ടികൾക്ക് കിട്ടിയിട്ടുണ്ട്. ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ് എന്ന് കുട്ടികൾ ഗ്രഹി

ക്കുന്നു. ഈശോയുടെ മാമ്മോദീസാ വിവരിച്ചു കൊടുക്കാവുന്നതാണ്. പരിശുദ്ധാത്മാവ് പ്രാവല്ല, പ്രാവിന്റെ രൂപത്തിൽ വന്നതാണ് എന്ന് വ്യക്തമാക്കിക്കൊടുക്കണം. നടപടി പുസ്തകത്തിൽ പരിശുദ്ധാത്മാവ് തീനാളങ്ങളുടെ രൂപത്തിൽ വന്നത് വിശദീകരിക്കുന്നതും നല്ലതാണ്. നാം ദൈവമക്കളായിത്തീരുന്നത് മാമ്മോദീസായിലൂടെയാണ്. ഈശോ മാമ്മോദീസാ സ്വീകരിച്ചപ്പോൾ പിതാവും പരിശുദ്ധാത്മാവും സന്നിഹിതരായി. നമ്മൾ മാമ്മോദീസാ സ്വീകരിക്കുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവും സന്നിഹിതരായിരുന്നു.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

## 1. ആവർത്തിച്ചെഴുതാം:

പല നിറത്തിലും വലിപ്പവ്യത്യാസത്തിലും എഴുതുവാൻ കുട്ടികൾക്ക് നിർദ്ദേശം നൽകണം.

## 2. കുരിശടയാളം വരയ്ക്കാം

കുരിശടയാളം വരയ്ക്കുവാൻ പരിശീലിപ്പിക്കുന്നതിനു മുൻപ് കുരിശിന്റെ ശക്തിയെപ്പറ്റി കുട്ടികളോടു പറയണം. ഇടതുകൈ നെഞ്ചിൽ വച്ചതിനുശേഷം പിതാവിന്റെയും എന്നു പറയുമ്പോൾ വലതുകൈ നെറ്റിയിലും പുത്രന്റെയും എന്നു പറയുമ്പോൾ നെഞ്ചിലും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നു പറയുമ്പോൾ ഇരു തോളിലും വയ്ക്കുകയും ആമ്മേൻ എന്നുച്ചരിക്കുമ്പോൾ കൈകൂപ്പുകയും വേണം. ഓരോ കുട്ടിയുടെയും കുരിശടയാളം ശ്രദ്ധിക്കേണ്ടതാണ്.

## 3. 'എന്റെ മാമ്മോദീസാപ്പേര്'

മാതാപിതാക്കളുടെ സഹായത്തോടെ എഴുതുകയും അടുത്ത ക്ലാസ്സിൽ കുട്ടികളെക്കൊണ്ട് പറയിപ്പിക്കുകയും വേണം.

## 4. നിറം കൊടുക്കാം

കുരിശിന് അനുയോജ്യമായ നിറം കൊടുക്കുക.

## 5. ത്രിത്വസ്തുതി ചൊല്ലാം

ത്രിത്വസ്തുതി ചൊല്ലുമ്പോൾ പിതാവിനും പുത്രനും പരിശുദ്ധാ

ത്മാവിനുമാണ് സ്തുതി ചൊല്ലുന്നത്. കൈകൂപ്പി തലകുനിച്ച് ആദരവോടെ സ്തുതി ചൊല്ലണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. കുരിശ് നിർമ്മിക്കാം.

വിവിധ വസ്തുക്കൾ - മുത്ത്, കക്ക, കല്ലുകൾ, ധാന്യങ്ങൾ ഉപയോഗിച്ച് കുരിശ് ഉണ്ടാക്കുക.

### 2. കണ്ടെത്താം

കുരിശ് എവിടെയൊക്കെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് കണ്ടെത്തുക.

### 3. ഗാനമാലപിക്കാം

കുരിശാണു രക്ഷ
കുരിശിലാണു രക്ഷ
കുരിശേ നമിച്ചിടുന്നു.

### 4. ചോദ്യങ്ങൾ

1. ദൈവത്തിന്റെ പുത്രൻ ആര്?
2. ദൈവത്തിന്റെ ആത്മാവ് ആരാണ്?
3. പിതാവായ ദൈവം ഈശോയെക്കുറിച്ച് എന്താണ് പറഞ്ഞത്?
4. ആരുടെ നാമത്തിലാണ് നാം കുരിശടയാളം വരയ്ക്കുക?

## പാഠം 12

# കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- എല്ലാ കുഞ്ഞുങ്ങളെയും ഈശോ സ്നേഹിക്കുന്നു.

- ഈശോയുടെ അടുത്തു ചെല്ലുന്ന എല്ലാവരേയും ഈശോ അനുഗ്രഹിക്കുന്നു.

### 2. മനോഭാവങ്ങൾ

എന്നെ സ്നേഹിക്കുന്ന ഈശോയെ ഞാനും സ്നേഹിക്കും.

### 3. ശീലങ്ങൾ

ഈശോയുടെ രൂപത്തിനു മുൻപിൽ ഞാൻ എന്നും പൂക്കൾ അർപ്പിക്കും.

## II. ബോധനോപാധികൾ

1. ലൂക്കാ 18:16 ലെ തിരുവചനം (പുസ്തകത്തിലുള്ളത്) വലിയ അക്ഷരത്തിൽ എഴുതിയത്.
2. ഈശോയുടെ അടുക്കൽ കുഞ്ഞുങ്ങളെ കൊണ്ടുവരുന്ന സംഭവം കഥാരൂപത്തിൽ അവതരിപ്പിക്കാം.

## III. പാഠാവതരണം

ലൂക്കാ. 18:16-ലെ തിരുവചനം എഴുതിയത് കാണിക്കുകയും ഉറക്കെ വായിച്ചു കേൾപ്പിക്കുകയും ചെയ്യാം. ശിശുക്കളുടെ തലയിൽ കൈവച്ച് വൈദികർ പ്രാർത്ഥിക്കുന്നത് കുട്ടികൾ കണ്ടിട്ടുണ്ടാവും. ഇതുപോലെ ഒരിക്കൽ അമ്മമാർ കുഞ്ഞുങ്ങളുടെ തലയിൽ കൈവച്ച് അനുഗ്രഹിക്കുവാൻ ഈശോയുടെ അടുക്കൽ കൊണ്ടുവന്നു. നിഷ്കളങ്കരായ

ശിശുക്കളെ ഈശോയ്ക്ക് ഇഷ്ടമാണ്. ഈശോയുടെ അരികിൽ എപ്പോൾ ചെന്നാലും ഈശോ നമ്മെ അനുഗ്രഹിക്കും. എല്ലാ കുഞ്ഞുങ്ങളെയും ഈശോ സ്നേഹിക്കുന്നു. തങ്ങളെ സ്നേഹിക്കുന്ന ഈശോയുടെ അടുത്തു ചെല്ലുവാനും പാഠ്യലക്ഷ്യമായി തന്നിരിക്കുന്ന മനോഭാവങ്ങളും ശീലങ്ങളും സ്വന്തമാക്കുവാനും പര്യാപ്തമായ രീതിയിൽ പാഠാവതരണം നടത്തേണ്ടതാണ്.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**1. പേരെഴുതാം**

6 കളങ്ങൾ മാത്രമേ കൊടുത്തിട്ടുള്ളുവെങ്കിലും കൂടുതൽ കുട്ടികളുടെ പേരെഴുതുവാൻ കുട്ടികൾ താൽപര്യം കാണിക്കുന്നുവെങ്കിൽ ഒരു കളത്തിൽ 2 പേരുടെ പേരുകൾ വീതം എഴുതാവുന്നതാണ്.

# V. അനുബന്ധിത പ്രവർത്തനങ്ങൾ

**1. അനുഗ്രഹം വാങ്ങാം**

ഈശോ ശിശുക്കളെ അനുഗ്രഹിക്കുന്ന കരം കുട്ടികൾ വരയ്ക്കട്ടെ. കരത്തിനടിയിൽ സ്വന്തം പേരെഴുതുകയുമാവാം.

**2. അഭിനയിക്കാം**

ഈശോ ശിശുക്കളെ അനുഗ്രഹിക്കുന്ന ഭാഗം കുട്ടികൾ റോൾപ്ലേയായി അവതരിപ്പിക്കാം.

**3. ചിത്രം ശേഖരിക്കാം**

ഈശോയും കുഞ്ഞുങ്ങളുമായുള്ള ചിത്രങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ.

**4. ചോദ്യങ്ങൾ**

1. അമ്മമാർ ശിശുക്കളെ ഈശോയുടെ അടുക്കൽ കൊണ്ടുവന്നത് എന്തിനായിരുന്നു?
2. ശിഷ്യന്മാരോട് ഈശോ പറഞ്ഞതെന്താണ്?

പാഠം 13

# സ്നേഹിക്കാൻ പഠിപ്പിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ഈശോ എല്ലാവരേയും സ്നേഹിക്കുന്നു.
- ഈശോയ്ക്ക് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകടനമാണ് കുരിശുമരണം.
- ഈശോയെപ്പോലെ ഞാൻ എല്ലാവരേയും സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു.

### 2. മനോഭാവങ്ങൾ

ഈശോയെപ്പോലെ ഞാൻ എല്ലാവരേയും സ്നേഹിക്കണം.

### 3. ശീലങ്ങൾ

പ്രഭാതത്തിൽ ഞാൻ ഭക്തിപൂർവ്വം കുരിശുവരയ്ക്കും.

## II. ബോധനോപാധികൾ

1. കുട്ടികൾ മറ്റുള്ളവരെ സഹായിക്കുന്ന ചിത്രങ്ങൾ.
2. 'ഞാൻ സഹായിക്കും' എന്ന് വലിയ അക്ഷരത്തിൽ എഴുതിയത്.
3. കുരിശുമരണം.

## III. പാഠാവതരണം

പെസഹാവ്യാഴാഴ്ചയിലെ തിരുക്കർമ്മങ്ങൾ കുട്ടികളെ അനുസ്മരിപ്പിക്കാവുന്നതാണ്. ഈശോ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിന്റെ ഓർമ്മയാണിത്. ഈശോയുടെ സ്നേഹത്തിന്റെ അടയാളം. ഈശോ എല്ലാവരേയും സ്നേഹിക്കുന്നു. തന്റെ അടുക്കൽ അഭയം തേടിയവർക്കൊക്കെ അവിടുന്ന് ആശ്വാസദായകനായി. (അത്ഭുതങ്ങൾ

പറഞ്ഞു കൊടുക്കാം). അവസാനം നമുക്കുവേണ്ടി ഈശോ കുരിശിൽ മരിച്ചു. (കുരിശുരൂപം കാണിക്കാം). കുരിശിന്റെ രക്ഷാകരമായ ശക്തി കുട്ടികൾക്കു പറഞ്ഞു കൊടുക്കാം. വലിയ കുരിശടയാളം വിശദീകരിച്ചു കൊടുക്കാവുന്നതാണ്. ഈശോ സ്നേഹിക്കുന്നതുപോലെ നമ്മളും മറ്റുള്ളവരെ സ്നേഹിക്കണം എന്ന കേന്ദ്രാശയം കുട്ടികളുടെ ബോധ്യമായി മാറണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### 1. വലിയ കുരിശടയാളം

കുരിശടയാളം ശത്രുക്കളിൽ നിന്ന് രക്ഷനേടുവാനാണ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം. ഇടതുകൈ നെഞ്ചോടു ചേർത്തു വച്ച് വലതുകൈയ്യിലെ തള്ളവിരൽ കൊണ്ട് ആദ്യം നെറ്റിയിലും (മുകളിൽ നിന്ന് താഴേയ്ക്കും ഇടത്തുനിന്ന് വലത്തോട്ടും) നെറ്റിയിൽ നിന്ന് താഴേയ്ക്ക് അധരങ്ങളിലും ചുണ്ടുമുതൽ നെഞ്ചുവരെയും വരയ്ക്കണം. പിതാവിന്റെയും പുത്രന്റെയും... (മുൻ നിർദ്ദേശമനുസരിച്ചു തന്നെ).

### 2. മദർ തെരേസായുടെ ജീവചരിത്രം ചുരുക്കമായി പറഞ്ഞുകൊടുക്കാം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. ഞാൻ സഹായിക്കും

'ഞാൻ സഹായിക്കും' എന്ന കാർഡ് കാണിച്ച് ഓരോ കുട്ടിയോടും സഹായിക്കുവാൻ ലഭ്യമാകുന്ന സാഹചര്യങ്ങളെപ്പറ്റി ചോദിക്കുക.

### 2. പങ്കുവയ്ക്കാം

നന്മ ചെയ്ത അവസരങ്ങൾ പങ്കുവയ്ക്കുവാൻ അവസരം നൽകാവുന്നതാണ്.

### 3. ചോദ്യങ്ങൾ

1. സ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃക നൽകുവാൻ ഈശോ നൽകുന്ന പ്രവൃത്തി എന്ത്?
2. ഈശോയെപ്പോലെ പാവങ്ങളെ സ്നേഹിച്ച അമ്മ ആരാണ്?

## പാഠം 14

# പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- ഈശോ എപ്പോഴും തന്റെ പിതാവിനോട് പ്രാർത്ഥിച്ചിരുന്നു.
- ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'

### 2. മനോഭാവങ്ങൾ

ഓരോ ദിവസത്തെയും പ്രധാന സന്ദർഭങ്ങളിൽ പ്രാർത്ഥിക്കണം.

### 3. ശീലങ്ങൾ

ഉണരുമ്പോഴും ഉറങ്ങുന്നതിനു മുൻപും ഞാൻ പ്രാർത്ഥിക്കും.

## II. ബോധനോപാധികൾ

1. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന എഴുതിയ ചാർട്ട്.
2. ഈ പ്രാർത്ഥനയുടെ 'ഗാനരൂപം'

## III. പാഠാവതരണം

പ്രാർത്ഥന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ദൈവത്തോടാണ് നാം പ്രാർത്ഥിക്കുന്നത്. ഈശോ പിതാവായ ദൈവത്തോട് എന്നും പ്രാർത്ഥിച്ചിരുന്നു. (ഈശോ പ്രാർത്ഥിച്ച സന്ദർഭങ്ങൾ വിശദമാക്കാം) ഈശോയെപ്പോലെ നമ്മളും നിരന്തരം പ്രാർത്ഥിക്കണം. എന്തിനൊക്കെവേണ്ടി പ്രാർത്ഥിക്കാം! (കുട്ടികളെക്കൊണ്ട് പറയിക്കുന്നു) ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന. ചാർട്ട് കാണിക്കുകയും പ്രാർത്ഥിക്കുകയും

ഓരോ വാചകവും നിർത്തി നിർത്തി വായിക്കുകയും ആവശ്യമായ വിശദീകരണങ്ങൾ നൽകുകയും ചെയ്യുന്നത് നന്നായിരിക്കും. കുറച്ചുസമയം കുട്ടികളെ ദൈവാലയത്തിൽ കൊണ്ടുപോയി പ്രാർത്ഥിപ്പിക്കുന്നതും ഉചിതമാണ്.

## IV. പാഠാബന്ധിത പ്രവർത്തനങ്ങൾ

### 1. ഈശോ പഠിപ്പിച്ച പ്രാർത്ഥന

ഈ പ്രാർത്ഥനയുടെ പ്രാധാന്യവും ശക്തിയും കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. കാരണം ഈശോയാണ് ഇത് പഠിപ്പിച്ചത്. ചില വാചകങ്ങളുടെ വിശദീകരണം കുട്ടികൾക്ക് ആവശ്യമായി വന്നേക്കാം. ശ്രദ്ധയോടും ഭക്തിയോടും കൂടി ചൊല്ലുവാൻ പരിശീലിപ്പിക്കണം.

### 2. കളങ്ങൾ നിറയ്ക്കാം

- രാവിലെ എഴുന്നേൽക്കുമ്പോൾ.
- പഠനത്തിനുമുൻപ്.
- ഭക്ഷണത്തിനു മുൻപ്.
- ഉറങ്ങാൻ പോകുന്നതിനു മുൻപ്.
- സ്കൂളിൽ പോകുന്നതിനു മുൻപ്.
- രോഗാവസ്ഥയിൽ.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. എഴുതാം ചൊല്ലാം

സ്വർഗ്ഗസ്ഥനായ... എന്ന പ്രാർത്ഥന എല്ലാവരും പുസ്തകത്തിൽ നോക്കി എഴുതാൻ നിർദ്ദേശിക്കാം.

രണ്ടു ഗ്രൂപ്പായി ഈ പ്രാർത്ഥന ചൊല്ലാവുന്നതാണ്.

### 2. പാടാം

വി. കുർബ്ബാനയിലുപയോഗിക്കുന്ന 'സ്വർഗസ്ഥിതനാം താതാ നിൻ' എന്ന ഗാനം പൂർണ്ണമായും പാടുവാൻ അവസരം നൽകാം.

### 3. ചോദ്യങ്ങൾ

1. ഈശോ പഠിപ്പിച്ച പ്രാർത്ഥന ഏത്?
2. എപ്പോഴൊക്കെയാണ് ഈശോ പ്രാർത്ഥിച്ചത്?

## പാഠം 15

# സ്വർഗ്ഗം ദൈവത്തിന്റെ ഭവനം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### 1. ബോധ്യങ്ങൾ

- സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമാണ്.
- സ്വർഗ്ഗത്തിലെത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.
- ഈശോ നമ്മെ സ്വർഗത്തിലേയ്ക്ക് നയിക്കുന്നു.

### 2. മനോഭാവങ്ങൾ

എല്ലായ്പ്പോഴും സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കണം.

### 3. ശീലങ്ങൾ

നന്മകൾ ചെയ്തു ഞാൻ ജീവിക്കും.

## II. ബോധനോപാധികൾ

1. 'സ്വർഗം നമ്മുടെ ഭവനം' എന്നെഴുതിയത്.
2. സ്വർഗരാജ്യത്തെക്കുറിച്ചുള്ള ഉപമകളും ചിത്രങ്ങളും.

## III. പാഠാവതരണം

പിതാവായ ദൈവത്തിന്റെ സ്നേഹം ഒരിക്കൽക്കൂടി കുട്ടികൾ അനുസ്മരിക്കുന്നു. നല്ലവനായ ദൈവം നമ്മെ സൃഷ്ടിച്ചു. ജീവൻ നൽകി. അവിടുന്നു നമ്മെ സ്നേഹിക്കുന്നു. ഈശോയെ നൽകിയതും പിതാവാണ്. ദൈവത്തിന്റെകൂടെ ആയിരിക്കുവാൻ - സ്വർഗ്ഗത്തിലെ ത്തിച്ചേരാൻ - ഈശോയാണ് നമ്മെ സഹായിക്കുന്നത്. ഭൂമിയിൽ നന്മ പ്രവൃത്തികൾ ചെയ്ത് ജീവിച്ചവരെല്ലാം സ്വർഗ്ഗത്തിൽ വസിക്കുന്നു. മാലാഖമാർ നിരന്തരം പരിശുദ്ധൻ.... എന്ന് പാടി ദൈവത്തെ സ്തുതി ച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധരും രക്തസാക്ഷികളുമെല്ലാം സ്വർഗ്ഗവാ സികളാണ്. ഈശോ പറയുന്നതനുസരിച്ച് ജീവിച്ചാൽ നമുക്കും സ്വർഗ്ഗ ത്തിലെത്തിച്ചേരാം. എപ്പോഴും ദൈവത്തോടുകൂടി ആയിരിക്കാം. സ്വർഗ്ഗ

രാജ്യത്തെക്കുറിച്ചുള്ള ഉപമകൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാവുന്നതാണ്.

## IV. പാഠാബന്ധിത പ്രവർത്തനങ്ങൾ

### 1. പേരെഴുതാം

കുട്ടികൾ അവരവരുടെ മാമ്മോദീസാപ്പേര് പഠിച്ചിട്ടുള്ളതാണ്. അത് എഴുതുവാൻ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം അവർക്കറിയാവുന്ന പേരുകളും. കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണം.

### 2. പല വലുപ്പത്തിലും നിറത്തിലുമെഴുതാം.

കുട്ടികൾ അവരവർക്കിഷ്ടപ്പെട്ട നിറങ്ങൾ ഉപയോഗിക്കട്ടെ. വ്യത്യസ്ത നിറങ്ങളായിരുന്നാൽ നന്ന്. അതുപോലെ വലുപ്പവും.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. സ്വർഗ്ഗത്തിലെ വിശുദ്ധർ

കൂട്ടുകാരുടെ മാമ്മോദീസാപ്പേര് ശേഖരിച്ച്, സ്വർഗ്ഗത്തിലെ വിശുദ്ധരെപ്പറ്റിയുള്ള അറിവ് വിപുലമാക്കാം.

### 2. ഗാനമാലപിക്കാം

നന്മകൾ ചെയ്യണം
സ്വർഗത്തിൽ പോകണം
ഈശോയെ കാണണം
നിത്യം ജീവിക്കണം.

### 3. അഭിനയിക്കാം

സ്വർഗ്ഗരാജ്യത്തെപ്പറ്റിയുള്ള ഉപമകൾ 'റോൾപ്ലേ' ആയി അവതരിപ്പിക്കാം.

### 4. ചോദ്യങ്ങൾ

1. നമ്മെ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കുന്നത് ആരാണ്?
2. ദൈവം എവിടെയാണ് വസിക്കുന്നത്?
3. സ്വർഗ്ഗത്തിലായിരിക്കുക എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?
4. നമ്മുടെ ഭവനം ഏതാണ്?
5. നമുക്ക് എങ്ങനെ സ്വർഗ്ഗത്തിലെത്തിച്ചേരാം.